## പതിനാലാം കേരള നിയമസഭ
## 5-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2879 — 10.05.2017-ൽ മറുപടിയ്ക്ക്

# കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.ഉമ്മർ<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. കെ.എം.ഷാജി : | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും അതുമൂലമുണ്ടാകുന്ന അപകടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കാലാവസ്ഥ വ്യതിയാനം മൂലം പരിസ്ഥിതിയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് സമഗ്രമായി പഠനം നടത്തുന്നതിനായുള്ള സംരംഭത്തിന്റെ ഭാഗമായി വിവിധ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലാവസ്ഥ വ്യതിയാനം മൂലം സമുദ്ര നിരപ്പിലുണ്ടാകുന്ന ഉയർച്ചയും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് പഠനം നടത്തി. കൂടാതെ, പാലക്കാട് ജില്ലയിലെ വടകരപതി പഞ്ചായത്തിൽ ഭൂഗർഭ ജല ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ NCESS മായി ചേർന്ന് നടത്തുന്നു. വിവിധ ഗവേഷണ പദ്ധതികൾക്ക് പുറമേ കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന ആഘാതങ്ങളിലും അവ നേരിടുന്നതിനുള്ള മാർഗ്ഗങ്ങളിലും തദ്ദേശസ്വയം ഭരണ |

സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരെയും മുതിർന്ന ഉദ്യോഗസ്ഥരെയും, ആരോഗ്യ-വകുപ്പിലെ ഉദ്യോഗസ്ഥരെയും ശാക്തീകരി-ക്കുന്നതിന്റെ ഭാഗമായി കാലാവസ്ഥാ വ്യതിയാന പഠനകേന്ദ്രം പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പുതുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇതുവഴി വരുത്തിയതെന്ന് വിശദമാക്കാമോ; അതു സംബന്ധിച്ച് വിശദ പഠനം നടത്തിയിട്ടുണ്ടോ? | (സി) | സംസ്ഥാനത്ത് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച് നടപ്പിലാക്കുന്ന-തിന്റെ ഭാഗമായി അനുബന്ധ വകുപ്പുകളെ വിവിധ സെക്ടറുകളായി തിരിച്ച് 'Focal Team' ഉണ്ടാക്കി ഇവർക്കായി 'കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പുകൾ' സംഘടിപ്പിക്കുന്നു. പരിസ്ഥിതി കാലാവ-സ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ കൃഷി, മത്സ്യബന്ധനം, ടൂറിസം, ജലവിഭവം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെയും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, അനർട്ട്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് സമഗ്ര കർമ്മ പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ